**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *356** **10/04/2013 - ൽ മറുപടിക്ക്**

**'ജനപഥത്തിന്റെ രജിസ്ട്രേഷൻ നഷ്ടപ്പെട്ട സാഹചര്യം '**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എം.എ.ബേബി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| *(എ). മലയാളത്തിൽ പ്രസിദ്ധീകരിച്ചു വരുന്ന മുഖമാസികയായ 'ജനപഥ'ത്തിന്റെ രജിസ്ട്രേഷൻ നഷ്ടപ്പെട്ടിട്ടുണ്ടോ ;* | *(എ).* ഉണ്ട്. |
| *(ബി). എങ്കിൽ ഇതിനിടയായ സാഹചര്യം വ്യക്തമാക്കാമോ; ഇതിനുത്തരവാദികളായ ആരുടെയെല്ലാം പേരിൽ നടപടി സ്വീകരിക്കുകയുണ്ടായി ;* | *(ബി).* ജനപഥത്തിന്റെ ടൈറ്റിൽ രജിസ്ട്രേഷനുശേഷം സമർപ്പിച്ചിരുന്ന ഡിക്ലറേഷനും ബന്ധപ്പെട്ട രേഖകളും ന്യൂസ് പേപ്പർ രജിസ്ട്രാറുടെ ഓഫീസിൽ ഇപ്പോൾ ലഭ്യമല്ല. 1969 ൽ പ്രസിദ്ധീകരണം ആരംഭിച്ച ജനപഥം മാസികയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രേഖകൾ ആർ.എൻ.ഐ. ഓഫീസിലെ കമ്പ്യൂട്ടർവത്ക്കരണത്തെത്തുടർന്നാവാം നഷ്ടപ്പെട്ടിട്ടുള്ളതെന്ന് സംശയിക്കുന്നു. ന്യൂസ് പേപ്പർ രജിസ്ട്രാറുടെ ഓഫീസിൽ രേഖകൾ ഇല്ലാത്തതിനാലാണ് രജിസ്ട്രേഷൻ നഷ്ടമായത്. ഇക്കാര്യത്തിൽ ആരുടെയെങ്കിലും ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. |
| *(സി). 'ജനപഥ'ത്തിന്റെ രജിസ്ട്രേഷൻ നഷ്ടപ്പെട്ടതിനാൽ പുതിയ പേരിൽ മുഖമാസിക പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;* | *(സി) ജനപഥത്തിന്റെ ടൈറ്റിൽ നിലനിർത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.* |
| *(ഡി). സർക്കാരിന്റെ മുഖമാസികയുടെ രജിസ്ട്രേഷൻ നഷ്ടപ്പെടുക വഴി എന്തെല്ലാം നഷ്ടങ്ങളാണ് സംസ്ഥാനത്തിന് നേരിട്ടതെന്നറിയാമോ; വിശദമാക്കുമോ?* | *(ഡി) രജിസ്ട്രേഷൻ നഷ്ടമായതുമൂലം ജനപഥം മാസിക സൗജന്യനിരക്കിൽ തപാലിൽ അയയ്ക്കാൻ സാധിക്കാത്തതുമൂലമുള്ള നഷ്ടം ഉണ്ടായിട്ടുണ്ട്..* |

*സെക്ഷൻ ഓഫീസർ*